**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2385** 17.08.2017-ന് മറുപടിയ്ക്ക്

**വനം കൈയ്യേറ്റം തടയുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. കെ. രാജു<br>(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വനം കയ്യേറ്റം പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | വനം കൈയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനസംരക്ഷണത്തിനും, വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കൈയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിനായി എന്തെല്ലാം ക്രമീകരണങ്ങൾ വനാതിർത്തിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും വനാതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ/കയ്യാലകൾ നിർമ്മിച്ചും, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനാതിർത്തി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വനാതിർത്തികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി സർവ്വേ നടത്തി ജണ്ടകൾ നിർമ്മിക്കേണ്ട ഇടങ്ങൾ കണ്ടെത്തി നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ എത്തിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിച്ച് വരുന്നു. റവന്യൂ ഭൂമിയുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ പരിശോധനകൾ നടത്തി വനം കൈയ്യേറ്റം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുകയും, ആവശ്യമായ സ്ഥലങ്ങളിൽ അതിർത്തി സർവ്വേ നടത്തുകയും കൈയ്യേറ്റം നടന്ന വനഭൂമികളിൽ നിയമാനുസൃതം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ